## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4273   12/11/2019-ൽ മറുപടിക്ക്

### ചട്ടഞ്ചാൽ കെ.എസ്.ഇ.ബി. ഓഫീസിന് സ്ഥലം

| | ചോദ്യം<br><br>**ശ്രീ.കെ.കുഞ്ഞിരാമൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ കെ.എസ്.ഇ.ബി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) യും (ബി) യും (സി) യും | സാധാരണഗതിയിൽ കെ.എസ്.ഇ.ബി.എൽ-നു സ്വന്തമായി സ്ഥലം ലഭ്യമായിരിക്കുകയോ അല്ലെങ്കിൽ അനുയോജ്യമായ സ്ഥലം സൗജന്യമായി ലഭിക്കുകയോ ചെയ്യുമ്പോഴാണ് സെക്ഷൻ ഓഫീസിനു സ്വന്തമായി കെട്ടിടം നിർമിക്കുന്നത്. കുറഞ്ഞത് 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.എൽ-നു ലഭ്യമാകുകയാണെങ്കിൽ, ചട്ടഞ്ചാൽ സെക്ഷനു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന തെക്കിൽ വില്ലേജിൽ റോഡ് സൗകര്യമുള്ള റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ഓഫീസിനായി പാട്ടവ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ